• അനുഭവം/ഓർമ്മ

# ഇരന്നുണ്ട ഓണം

## ബാലചന്ദ്രൻ ചുള്ളിക്കാട്



**1978**-ലെ ഓണം ഞാൻ ഒരിക്കലും മറക്കില്ല.

വീടും നാടും വിദ്യാഭ്യാസവും ഉപേക്ഷിച്ച് ഞാൻ നക്സലൈറ്റുകൾക്കു വേണ്ടി കവിത ചൊല്ലി നടന്ന കാലം. എറണാകുളത്തെ എന്റെ താവളം മഹാരാജാസ് കോളേജിലെ തത്ത്വശാസ്ത്ര വിദ്യാർത്ഥിയായ കെ.എസ്. രാധാകൃഷ്ണന്റെ ഹോസ്റ്റൽ മുറിയായിരുന്നു.

കൊച്ചിക്കായലിലെ മുളവുകാട് എന്ന ദ്വീപിൽ ഒരു ദരിദ്ര ധീവര കുടുംബത്തിലെ അംഗമായിരുന്നു രാധൻ. അച്ഛൻ മരിച്ചുപോയി. അമ്മയും സഹോദരങ്ങളും അടങ്ങുന്ന കുടുംബം. മീൻപിടുത്തം മുതൽ കൂലിപ്പണിവരെ ചെയ്താണ് രാധൻ കുടുംബം പുലർത്തിയിരുന്നത്. വീട്ടിൽ പഠിക്കാൻ സൗകര്യമില്ലാത്തതുകൊണ്ടാണ് അവൻ ഹോസ്റ്റലിൽ മുറിയെടുത്തത്. ആ മുറിയിൽ ഞാൻ അഭയാർത്ഥിയായി എത്തുമ്പോഴൊക്കെ എന്റെ ചെലവുകൾ അവന്റെ ഉത്തരവാദിത്വമായിരുന്നു.

കോൺഗ്രസ് പരിവർത്തനവാദിയായിരുന്ന രാധന് നക്സൽ അനുഭാവിയായിരുന്ന എന്റെ ചിന്താഗതികളോടും ജീവിതരീതിയോടും യാതൊരു യോജിപ്പുമില്ലായിരുന്നു. എങ്കിലും തലയ്ക്ക് സ്ഥിരതയില്ലാത്ത ഒരു സഹോദരനോടുള്ള സ്നേഹവും വാത്സല്യവും ഉത്തരവാദിത്വവും അവൻ എന്നോട് പുലർത്തിപ്പോന്നു.

ഒരു ദിവസം ഹോസ്റ്റൽ മുറിയിൽ തറയിൽ ചുരുണ്ടു കിടന്നുറങ്ങിയ എന്നെ വിളിച്ചുണർത്തി രാധൻ പറഞ്ഞു:

"എടാ നാളെ ഹോസ്റ്റൽ പൂട്ടും. ഓണം അവധി. മുറി ഒഴിയണം."

"അയ്യോ. അപ്പോ ഞാനെന്തു ചെയ്യും?" ഞാൻ അമ്പരന്നു.

"നീ നിന്റെ വീട്ടിപ്പോ." രാധൻ നിസ്സംഗനായി പറഞ്ഞു.

എനിക്ക് ഈർഷ്യ തോന്നി. ഏതു വീട്? ഒരു നശിച്ച കുടുംബത്തിൽ ഞാൻ പിറന്നു. പതിനെട്ടു കൊല്ലം അവിടെ ജീവിച്ചു. സഹികെട്ടപ്പോൾ ഇറങ്ങി. ആ നരകത്തിലേക്ക് തിരിച്ചു പോവാനോ?

ഞാൻ ഒന്നും മിണ്ടാതെ രാധനെ തുറിച്ചു നോക്കി.

"എന്നെ നോക്കിപ്പേടിപ്പിക്കണതെന്തിനാ? അല്ലെങ്കിൽ നീ എന്റെ വീട്ടിലേക്ക് വാ," അവൻ പറഞ്ഞു.

അതും ശരിയാവില്ല. ഞാൻ വിചാരിച്ചു. നാലഞ്ച് അംഗങ്ങൾക്കു തന്നെ കിടക്കാൻ സ്ഥലം തികയാത്ത കൊച്ചുവീടാണ് രാധന്റെ. അവിടെച്ചെന്നു കൂടാൻ വയ്യ. മാത്രമല്ല, ഓണമായിട്ട് ആരാന്റെ വീട്ടിൽ ചെന്ന് കിടക്കുന്നത് നാണക്കേട്.

"അതൊന്നും വേണ്ട. നീയെനിക്ക് ഒരമ്പതു രൂപ താ. ഞാൻ എങ്ങോട്ടെങ്കിലും പൊയ്ക്കോളാം."

ഞാൻ പറഞ്ഞു:

"അമ്പതു രൂപയോ? നിന്റെ തന്ത സമ്പാദിച്ചു തന്നിട്ടൊണ്ടോ എന്റെ കയ്യില്?" രാധന് കലികയറി. "ഇല്ലെങ്കി ഇല്ലാന്നു പറഞ്ഞാപ്പോരെ. തന്തയ്ക്കു വിളിക്കണോ?"

എനിക്ക് ദേഷ്യവും സങ്കടവും വന്നു.

"എടാ, ഞാൻ തെണ്ടിപ്പെറുക്കിയാ ഇരുന്നൂറ് രൂപ ഒപ്പിച്ചത്. ഓണമാണ്. എന്റമ്മയ്ക്കും അനിയത്തിമാർക്കും ഉടുക്കാനെന്തെങ്കിലും മേടിക്കണം. ഒരു കൊല കായയും വെളിച്ചെണ്ണേം വേണം. അരീം സാമാനങ്ങളും വേറെ. ഇരുന്നൂറോണ്ട് എന്താവാനാ? ഒരു നൂറു രൂപേം കൂടി എങ്ങനെ ഒണ്ടാക്കുന്ന് ഞാൻ വെഷമിക്കണ്. അപ്പഴാണ് അവന് അമ്പത് രൂഭാ."

രാധൻ പ്രാരാബ്ധം പറഞ്ഞു. കാര്യം ശരിയാണ്. എങ്കിലും എനിക്കിപ്പോൾ അവനല്ലാതെ ആശ്രയം ഇല്ല.

"എടാ ഇരുന്നൂറോണ്ട് എന്തായാലും ഒന്നുമാവില്ലല്ലോ. അപ്പൊ ഇതീന്ന് ഇരുപത്തഞ്ചു രൂപ എനിക്കു താ. നിന്റെ കയ്യില് നൂറ്റെഴുപത്തഞ്ചേ ഒള്ളെന്നു കരുത്."

ഞാൻ കെഞ്ചി

രാധൻ ചിന്താപൂർവ്വം എന്നെ നോക്കി. എന്റെ നിസ്സഹായത അവന് ബോദ്ധ്യപ്പെട്ടെന്ന് തോന്നി. അവൻ പോക്കറ്റിൽ നിന്ന് തിരുമ്മിത്തിരുമ്മി ഒരു നോട്ടെടുത്ത് എനിക്കു തന്നു.

"ഇതേ ഒള്ള്."

"അഞ്ചു രൂപയോ! ഇതാ അമ്പലത്തിലെ ഭണ്ഡാരത്തിൽ കൊണ്ടിട്." ഞാൻ പിണങ്ങി ആ നോട്ട് നിലത്തെറിഞ്ഞു.

രാധൻ സാവധാനം കുനിഞ്ഞ് ആ നോട്ടെടുത്ത് നിവർന്ന് എന്നെ നോക്കി. അവന്റെ കണ്ണു നിറഞ്ഞിരുന്നു.

"എടാ നിനക്ക് കാശിന്റെ വില അറിഞ്ഞുകൂടാ. പണിയെടുത്ത് ജീവിക്കേണ്ട ഗതികേട് നിനക്കു വന്നിട്ടില്ലല്ലോ. പത്തു വയസ്സ് മൊതല് പണിയെടുത്താ ഞാൻ ജീവിക്കണത്. അഞ്ചു പൈസേടെ വില എന്താണെന്ന് എനിക്ക് ശരിക്കറിയാം."

എനിക്ക് കുറ്റബോധം തോന്നി. ഞാൻ തലകുനിച്ചു. രാധൻ കൊള്ളിവാക്കുകൾ തുടർന്നു:

"നെനക്കെന്താ? ആണ്ടോടാണ്ടുണ്ണാൻ തറവാട്ടില് നെല്ലും തേങ്ങേം. തന്തയ്ക്ക് സർക്കാരു ജോലി. ഒരമ്മാവൻ ജന്മി. ഒരമ്മാവൻ പേർഷ്യക്കാരൻ. ഒരമ്മാവൻ കോളേജ് വാദ്ധ്യാർ. നിന്റെ അഹങ്കാരം കൊണ്ട് നീ തെണ്ടണ്. ഇതിനൊക്കെ നീ ഈശ്വരനോട് കണക്കുപറയേണ്ടിവരും."

രാധന്റെ ശബ്ദം വിറച്ചു.

"അഞ്ചെങ്കിലഞ്ച്. ഇങ്ങു താ."

ഞാൻ അവന്റെ കൈയിൽ നിന്ന് ആ നോട്ട് വേഗം വാങ്ങി. ശണ്ഠ തുടർന്നാൽ അതും തന്നില്ലെങ്കിലോ.

രാധൻ കട്ടിലിൽ ഇരുന്നു. അവൻ സഹതാപത്തോടെ എന്റെ അസ്ഥിമാത്രമായ ശരീരം നോക്കി.

"എന്റെ കൈയിൽ ഇല്ലാഞ്ഞിട്ടല്ലേ ബാലാ. ഒണ്ടെങ്കീ ഞാൻ നിനക്ക് തരൂല്ലേ." അവന്റെ സ്വരം ആർദ്രമായി. പിന്നെ അവൻ ഉപദേശ രൂപേണ പറഞ്ഞു തുടങ്ങി:

"ബാലാ, നിന്റെ ആചാര്യന്മാരൊണ്ടല്ലോ, ആ കടമ്മനിട്ടേം സച്ചിദാനന്ദനും കെ.ജി. ശങ്കരപ്പിള്ളേം. അവരൊക്കെ മര്യാദയ്ക്ക് പഠിച്ച് പാസ്സായി നല്ല ഉദ്യോഗം സമ്പാദിച്ച് സ്വന്തം കാര്യം ഭദ്രമാക്കീട്ടാ വിപ്ലവം പറയണത്. അതു കേട്ട് നിന്നെപ്പോലെ കൊറെ മരമണ്ടന്മാര് പേപ്പട്ടികളെപ്പോലെ പാഞ്ഞു നടക്കാനും."

"അവരെ ഒന്നും പറയണ്ട. എല്ലാം എന്റെ വിധി."

ഞാൻ ജനലിനടുത്തു പോയി പുറത്തേക്ക് നോക്കി നിന്നു.

രാധൻ ദു:ഖത്തോടെ തുടർന്നു:

"എടാ, കടമ്മനിട്ടേം സച്ചിദാനന്ദനും കെ.ജി. ശങ്കരപ്പിള്ളേമൊക്കെ ഓണത്തിന് കുടുംബസമേതം പപ്പടോം പഴോം പായസോം കൂട്ടി സുഖമായിട്ട് സദ്യയുണ്ണും. അവരൊന്നും അപ്പൊ നിന്നെപ്പറ്റി ഓർക്കൂല്ല. പക്ഷേ, ഓണത്തിന് ഉണ്ണാനിരിക്കുമ്പോ

എനിക്ക് നിന്നെ ഓർമ്മ വരും. നീ വല്ലേടത്തും വെശന്നു നട ക്കുമ്പോ എനിക്ക് ചോറ് എറങ്ങൂല്ല ബാലാ."

അവൻ തേങ്ങി.

"ഛേ എന്താടാ ഇത്?"

ഞാൻ അവന്റെ പുറത്തു തട്ടി; "സെന്റിമെന്റലാവല്ലേ!"

"നീ വീട്ടിലേക്കു വാ. അവടെ എനിക്കൊള്ളത് നിനക്കും തരും."

രാധൻ വീണ്ടും ക്ഷണിച്ചു. എനിക്ക് ക്ഷോഭം നിയന്ത്രിക്കാനായില്ല.

"ഇല്ലെടാ. ഞാൻ വരൂല്ല. ഓണത്തിന് ഞാൻ പട്ടിണി കിടക്കും. എന്റമ്മേം അച്ഛനും ചത്തുപോയതിന്റെ പട്ടിണിയാണെന്നു കരുതും. പിന്നെ കാണാം."

ഞാൻ ധൃതിയിൽ ഷർട്ടെടുത്തിട്ട് തുണിസഞ്ചിയും തോളിൽ തൂക്കി പുറത്തു കടന്നു.

അക്കാലത്ത് മഹാരാജാസ് കോളേജിലെ ചില അദ്ധ്യാപകരും വിദ്യാർത്ഥികളുമല്ലാതെ നഗരത്തിൽ എനിക്ക് പരിചയക്കാരില്ല. കോളേജ് അടച്ചു. ഹോസ്റ്റൽ ഒഴിഞ്ഞിരിക്കുന്നു.

രാത്രി ബസ് സ്റ്റാന്റിൽ കിടന്നുറങ്ങിയും പകൽ കായലോരത്തും തെരുവുകളിലും ലക്ഷ്യമില്ലാതെ അലഞ്ഞു തിരിഞ്ഞും ഞാൻ ഏകാന്തഭീകരമായ ദിനങ്ങൾ തള്ളി. നഗരം ഓണാഘോഷത്തിന്റെ ലഹരിയിലാണ്. ഉത്രാടം എത്തിയപ്പോൾ കൈയിലെ കാശു തീർന്നു. അന്നു പൈപ്പു വെള്ളം മാത്രം കുടിച്ച് കഴിച്ചു കൂട്ടി.

ഓണം പിറന്നു. കടകളെല്ലാം അടഞ്ഞു കിടക്കുന്നു. തെരുവുകളിൽ ജനസഞ്ചാരം തീരെ കുറവ്. ഒരു കടത്തിണ്ണയിൽ ഞാൻ തളർന്നു കിടന്നു. ഉച്ചയായപ്പോൾ എഴുന്നേറ്റ് വെറുതെ പ്രാഞ്ചി പ്രാഞ്ചി നടന്നു. കുളിച്ചിട്ട് ദിവസങ്ങളായിരിക്കുന്നു. ഉടുപ്പും മുണ്ടും മുഷിഞ്ഞു നാറി. വിശപ്പാണെങ്കിൽ സഹിച്ചു കൂടാ.

ഒരു ഗേറ്റിനടുത്തെത്തിയപ്പോൾ ഞാൻ നിന്നു.

തുമ്പയും കുരുത്തോലയും കൊത്തിയരിഞ്ഞതും ചെത്തിപ്പൂവും കൂടി ഗേറ്റുമുതൽ അകത്തേക്ക് വരിയായി ഇട്ടിരിക്കുന്നു. തൃക്കാക്കരയപ്പൻ, കുരുത്തോലത്തോരണം. പഴയ വലിയ വീട്. മുറ്റത്ത് ഒരു വൃദ്ധ. ഓണക്കോടിയുടുത്ത രണ്ട് ആൺകുട്ടികൾ കളിക്കുന്നു.

ഞാൻ അറിയാതെ ഗേറ്റ് തുറന്ന് അകത്തു കയറി.

"ആരാ? എന്താ

വൃദ്ധ ചോദിച്ചു.

"അമ്മൂമ്മേ, ഞാൻ വളരെ ദൂരേന്ന് വരാ. ഹോട്ടലുകളൊക്കെ പൂട്ടീരിക്കണു. വെശന്നട്ട് വയ്യ." കുട്ടികൾ കളി നിർത്തി എന്നെ കൗതുകത്തോടെ നോക്കി നിന്നു.

ഏമ്പക്കം വിട്ടുകൊണ്ട് ഒരു മധ്യവയസ്കൻ അകത്തു നിന്നും ഇറങ്ങി വന്നു.

"ആരാ?" അയാൾ ചോദിച്ചു.

"പിച്ചക്കാരൻ."

ഒരു കുട്ടി പറഞ്ഞു.

"ചോറു വേണത്രേ."

മറ്റേ കുട്ടി വിശദീകരിച്ചു.

"ഹൗ. തിരുവോണമായിട്ട് ഭിക്ഷയോ! ശിവ, ശിവ!"

അയാൾ അകത്തേക്ക് കയറിപ്പോയി

"വരാ."

വൃദ്ധ ദയവോടെ എന്നെ വിളിച്ച് വീടിന്റെ വടക്കുവശത്തേക്ക് കൊണ്ടു പോയി. പല തരം കറികളുടെയും പപ്പടം കാച്ചിയതിന്റെയും ഒക്കെ മണങ്ങൾ കാറ്റിൽ. എന്റെ വായിൽ വെള്ളമൂറി. എന്തെല്ലാം കറികളുണ്ടാവും?

അകത്ത് സ്ത്രീകളുടെ സംസാരം. കുട്ടികളുടെ ചിരി.

"ദേവൂ."

വൃദ്ധ അകത്തേക്കു നോക്കി വിളിച്ചു. വേലക്കാരിയാവണം, ഒരു മെലിഞ്ഞ സ്ത്രീ പുറത്തു വന്നു.

"ഒരെല ഇബടെ ഇട്ടോളൂ."

തിണ്ണയിലേക്ക് ചൂണ്ടി വൃദ്ധ പറഞ്ഞു. വേലക്കാരി ഒന്നു സംശയിച്ച പോലെ എന്നെ നോക്കി.

'തിരുവോണല്ലേ. വിശക്കണൂത്രേ. ഈശ്വരാ. ആർക്കാ ഈ ഗതി വരാമ്പാടില്യാത്തെ.'

വൃദ്ധ ആത്മഗതം പോലെ പറഞ്ഞു.

ഞാൻ ഭവ്യതയോടെ തിണ്ണയിൽ ഇരുന്നു.

തുണിസഞ്ചി അടുത്ത് ഒതുക്കിവച്ചു. വൃദ്ധ അകത്തേക്കു പോയി.

വേലക്കാരി ചോറും ഒരിലയും ഒരു മൊന്ത വെള്ളവും കൊണ്ടു വന്നു. ഞാൻ കൈയും മുഖവും കഴുകി. കുറച്ചു വെള്ളം കുടിച്ചു. നല്ല തണുത്ത കിണറ്റുവെള്ളം. ഹാവൂ. ഉള്ളൊന്നു തണുത്തു.

വേലക്കാരി ചോറും കറിയും വിളമ്പി. സാമ്പാറും അവിയലുമൊക്കെ കണ്ട കാലം മറന്നു. ഞാൻ തല ഉയർത്തി നോക്കി. കടും പച്ച നിറത്തിൽ സ്വർണ്ണവരകളുള്ള ചിന്നാളൻ പട്ടുപാവാടയും തൂവെള്ള ബ്ലൗസും ധരിച്ച ഒരു പെൺകുട്ടി. നെറ്റിയിൽ ചന്ദനക്കുറി.

ആ പെൺകുട്ടി എന്നെ സൂക്ഷിച്ച് നോക്കി

"അയ്യോ, ഇത് ബാലചന്ദ്രൻ ചുള്ളിക്കാടല്ലേ - കവി!"

അവൾ അമ്പരപ്പോടെ അകത്തേക്കോടി.

"അമ്മേ അത് പിച്ചക്കാരനല്ല. ആ ബാലചന്ദ്രൻ ചുള്ളിക്കാടാ. കവി. ഞങ്ങളുടെ കോളേജില് കവിത ചൊല്ലാൻ വന്നിരുന്നു ഇന്നാള്. കടമ്മനിട്ടേടേം സുഗതകുമാരിടേം ഒക്കെ കൂടെ."

അകത്തു നിന്ന് പെൺകുട്ടിയുടെ ഉച്ചത്തിലുള്ള ശബ്ദം

ഈശ്വരാ പകുതി ഉണ്ടില്ല. എണീറ്റോടിയാലോ.

വേണ്ട. ഒരെല ചോറ് കളയാനോ? അഭിമാനത്തേക്കാൾ വലുത് അന്നം തന്നെ. ഞാൻ ഊണ് തുടർന്നു.

അകത്തു നിന്നും സ്ത്രീകളും കുട്ടികളും ഇറങ്ങി വന്ന് ഒരത്ഭുത ജീവിയെ കാണും പോലെ എന്നെ നോക്കി നിന്നു.

"ഇവള് പറയണത് ശര്യാണോ?" കസവുമുണ്ടുടുത്ത ഒരു സ്ത്രീ ചോദിച്ചു. നുണ പറഞ്ഞാലോ? എന്തിന്? എന്തഭിമാനമാണ് ഇനി ബാക്കി? വിശപ്പാണ് പരമസത്യം. ബാക്കിയെല്ലാം വെറും പൊങ്ങച്ചമാണ്. വളിച്ച ഒരു ചിരിയോടെ ഞാൻ തലയാട്ടി.

"അയ്യോ അറിഞ്ഞില്യാട്ടോ. ഇങ്ങട് അകത്തിരിക്കാമായിരുന്നു"

ആ സ്ത്രീ ഭംഗി വാക്കു പറഞ്ഞു.

"സാരല്യാ. ഞാൻ ദൂരേന്ന് വരാ. ഹോട്ടലൊന്നും ഓണായിട്ട് തുറന്നിട്ടില്ല. വെശപ്പ്...... അതോണ്ടാ."

ഞാൻ ഒരു വിധം പറഞ്ഞൊപ്പിച്ചു. ആരെയും നോക്കാതെ തല കുനിച്ചിരുന്ന് മുഴുവൻ ഉണ്ടു തീർത്തു. കൈയും വായും കഴുകി മൊന്തയിലെ ബാക്കി വെള്ളം കൊണ്ട് ഇരുന്നിടം തളിച്ചു ശുദ്ധമാക്കി. തുണി സഞ്ചി എടുത്ത് അതിന്റെ അറ്റം കൊണ്ട് ചിറി തുടച്ചു.

"പായസം."

പെൺകുട്ടി എന്റെ നേരെ ഗ്ലാസ്സ് നീട്ടി.

"വേണ്ട. മധുരം കഴിച്ചാൽ ഒറക്കം വരും. കൊറെ ദൂരം പോകാനുള്ളതാ."

ഞാൻ താഴ്മയോടെ നിരസിച്ചു. വീട്ടുകാർ നിശ്ശബ്ദം എന്റെ ചലനങ്ങൾ നോക്കി നിൽക്കുകയാണ്. ഞാൻ എല്ലാവരേയും തല കുനിച്ചു തൊഴുതു. തിരിഞ്ഞ് തെരുവിലേക്കു നടന്നു.

*-നീലാംബരി, ഇടപ്പിള്ളി പി.ഒ., എറണാകുളം*